## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 554** **09.02.2016- ൽ മറുപടിക്ക്**

## "സൂക്ഷ്മ - ഇടത്തരം - ചെറുകിട വ്യവസായ സംരംഭം "

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.ശിവദാസൻ നായർ**
**,, എ.പി.അബ്ദുള്ളക്കുട്ടി**
**,, ബെന്നി ബെഹനാൻ**
**,, വി.ഡി.സതീശൻ**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സൂക്ഷ്മ - ഇടത്തര - ചെറുകിട വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ), | ഉണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) & സി) | സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനും അവയെ സാമ്പത്തികമായി സഹായിക്കുന്നതിനും ലക്ഷ്യമിട്ട് അതിനുമുമ്പുണ്ടായിരുന്ന വിവിധ സ്കീമുകളെ സംയോജിപ്പിച്ചു കൊണ്ട് 01.04.2012 മുതൽ സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. ഇത് വഴി വ്യവസായ സംരംഭകർക്ക് ഒറ്റത്തവണ സാമ്പത്തിക സഹായം നൽകി വരുന്നു. സംരംഭകർക്ക് ആകെ നിക്ഷേപത്തിന്റെ 15% (പരമാവധി 20 ലക്ഷം രൂപ) വരെ സബ്സിഡി നൽകുന്നു. വനിതാ സംരംഭകർ, പട്ടിക ജാതി-പട്ടിക വർഗ്ഗ സംരംഭകർ, യുവ സംരംഭകർ മുതലായവർക്ക് 20% (പരാമാവധി 30 ലക്ഷം രൂപ) വരെ സബ്സിഡി നൽകി വരുന്നു. ഇതിനു പുറമെ 9 തരം വ്യവസായങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകി വരുന്നു. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

മുതലായ ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ആകെ നിക്ഷേപത്തിന്റെ 15%-നു പുറമേ 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ കരസ്ഥമാക്കി സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്നു.

കൂടാതെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള ഡെവലപ്മെന്റ് ഏരിയകളുടെ നവീകരണം, പുതിയ ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് രൂപീകരണം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

ബ്ലോക്ക്-താലൂക്ക്-ജില്ലാ തലങ്ങളിൽ നടത്താറുള്ള സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, നിക്ഷേപ മേളകൾ എം.എസ്.എം.ഇ ഉൽപന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷനുകൾ, സ്കിൽ ഡവലപ്മെന്റ് പരിശീലന പരിപാടികൾ, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവയിലൂടെ സംരംഭകർക്ക് പ്രോൽസാഹനം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**